പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4022 16.12.2014-ൽ മറുപടിയ്ക്ക്

# വൈദ്യുതി ഉല്പാദിപ്പിച്ച് അന്യ സംസ്ഥാനങ്ങൾക്ക് നല്കുന്ന കാര്യം

ചോദ്യം

ശ്രീ. മുല്ലക്കര രത്നാകരൻ :

സംസ്ഥാനത്ത് നിന്നും വൈദ്യുതി ഉല്പാദിപ്പിച്ച് അന്യ സംസ്ഥാനങ്ങൾക്ക് നല്കുന്നുണ്ടോ ; 2014 ജനുവരി മുതൽ നവംബർ വരെ ഇപ്രകാരം എത്ര വൈദ്യുതി വിറ്റഴിച്ചുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

കേരളത്തിന്റെ ആഭ്യന്തര വൈദ്യുതാവശ്യം നിറവേറ്റുന്നതു പ്രധാനമായും കേരളത്തിനുള്ളിലെ ജലവൈദ്യുത നിലയങ്ങളിൽനിന്നും (30-35%) കേന്ദ്ര വൈദ്യുത നിലയങ്ങളിൽനിന്നുമുള്ള (40-45%) വൈദ്യുതി ഉപയോഗിച്ചാണ്. ശേഷം വേണ്ടി വരുന്ന വൈദ്യുതി സ്വകാര്യമോ, സംയുക്ത സംരംഭങ്ങളോ ആയ ഉത്പാദകരിൽനിന്ന് നേരിട്ടോ, അംഗീകൃത വ്യാപാരികൾ മുഖേനയോ കരാർ ചെയ്യുന്നു. (10-15%). തികയാതെ വരുന്ന വൈദ്യുതിക്കായി ദ്രവഇന്ധന നിലയങ്ങളെയും, പവ്വർഎക്സ്ചേഞ്ചുകളെയും ആശ്രയിക്കാറുണ്ട്.

മേൽപറഞ്ഞതിൽ ദ്രവഇന്ധന നിലയങ്ങളിൽനിന്നുള്ള വൈദ്യുതിയുടെ ഇന്ധനച്ചെലവ് മറ്റുള്ള സ്രോതസ്സുകളിൽ നിന്നുള്ളതിനെക്കാൾ കൂടുതൽ ആയതിനാൽ (യൂണിറ്റിനു 10 രൂപ മുതൽ 13 രൂപ വരെ) ആയത് അടിയന്തിര ഘട്ടങ്ങളിൽമാത്രമാണ് ഉപയോഗിക്കുന്നത്. 2014 ജനുവരി മുതൽ നവംബർ വരെയുള്ള കാലയിളവിൽ ദ്രവ ഇന്ധന നിലയങ്ങളിൽനിന്നും സംസ്ഥാനം ഇക്കാരണത്താൽ ഉപയുക്തമാക്കാത്ത 1241.498 ദശലക്ഷം യൂണിറ്റ് വൈദ്യുതി തമിഴ് നാട്ടിന്റെ ആവശ്യ പ്രകാരം TANGEDCO ക്ക് വിൽപ്പന നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.